മലയാള മനോരമ

29 December 2023

# 'മില്ലറ്റും മീനും' പ്രദർശന ഭക്ഷ്യമേളയ്ക്കു തുടക്കം

കൊച്ചി● സീവീഡ് ഹൽവ, നീരാളി ഫ്രൈ, ചാമ സാഗരസദ്യ, വരഗ് ബിരിയാണി തുടങ്ങി ചെറുധാന്യ-മീൻ രുചി വൈവിധ്യങ്ങളുമായി സിഎംഎഫ്ആർഐയിൽ 'മില്ലറ്റും മീനും' പ്രദർശന ഭക്ഷ്യമേളയ്ക്കു തുടക്കം.

വടക്കൻ കർണാടകയിൽ നിന്നു സ്ത്രീകൾ ഉൾപ്പെട്ട 12 അംഗ കർഷക സംഘം എത്തിയത് അവർ കൃഷി ചെയ്ത ചെറുധാന്യങ്ങളുമായാണ്. ഇവരുടെ സസ്യ ഭക്ഷണശാലയിൽ ചാമ, റാഗി, തിന, കമ്പ്, ചോളം, വരഗ്, പനിവരഗ്, കുതിരവാലി എന്നിവ കൊണ്ടുള്ള തനതു വിഭവങ്ങൾ കിട്ടും. ചോളപ്പം, റാഗി പൂരി, പലഹാരങ്ങൾ, ബാജി എന്നിവയുണ്ട്.

കർഷകർ, കർഷക ഉൽപാദന കമ്പനികൾ, സ്വയം സഹായ സംഘങ്ങൾ, സംരംഭകർ, കാർഷിക സ്റ്റാർട്ടപ്പുകൾ തുടങ്ങിയവർ നേരിട്ടെത്തിക്കുന്ന ചെറുധാന്യങ്ങളും മൂല്യവർധിത ഉൽപന്നങ്ങളും മത്സ്യ മൂല്യവർധിത ഉൽപന്നങ്ങളും സുഗന്ധ-വ്യഞ്ജന ഉൽപന്നങ്ങളും മേളയിൽ ലഭ്യമാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെ സ്റ്റാളിൽ കുരുമുളക് ചെടികൾ, കുറ്റിക്കുരുമുളക്, ഇഞ്ചി, കൂൺ എന്നിവ കിട്ടും. കൂടുകൃഷികളിൽ വിളവെടുത്ത ജീവനുള്ള മത്സ്യങ്ങൾ മേളയിൽ വാങ്ങാം.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ്സ് റിസർച് ഡയറക്ടർ ഡോ സി. താര സത്യവതി മേളയുടെ ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡോ. എൽ. നരസിംഹ മൂർത്തി, ജി. ഗോപകുമാരൻ നായർ, ഡോ. സി. എസ്. ഷൈൻ കുമാർ, ഡോ. എം. പി. രമേശൻ, അജീഷ് ബാലു, ഡോ. ഷിനോജ് സുബ്രഹ്മണ്യൻ, ഡോ. ഗ്രിൻസൻ ജോർജ് എന്നിവർ പ്രസംഗിച്ചു. ശനിയാഴ്ച സമാപിക്കുന്ന മേളയുടെ സമയം രാവിലെ 11 മുതൽ രാത്രി 8 വരെയാണ്.



സിഎംഎഫ്ആർഐയിൽ ആരംഭിച്ച 'മില്ലറ്റും മീനും' പ്രദർശന ഭക്ഷ്യമേളയിൽ നിന്ന്

മേളയുടെ ഭാഗമായി നടന്ന പാചക മത്സരം വിഭവങ്ങളുടെ വൈവിധ്യം കൊണ്ട് ശ്രദ്ധേയമായി. ചെറുധാന്യങ്ങളും കൂന്തൽ, ചെമ്മീൻ, ഞണ്ട് എന്നിവയും ഉപയോഗിച്ചുള്ള കടൽകൂട്ട് പിടി, കമ്പ് ബിരിയാണി, ആവോലി നിർവാണ, റാഗി പൂരി, മില്ലറ്റ് കാവ, മൾട്ടി മില്ലറ്റ് പുട്ട് തുടങ്ങി കൊതിയൂറും രുചിക്കൂട്ടുകൾ തയാറാക്കി 10 വനിതകളാണു മത്സരത്തിനുണ്ടായിരുന്നത്.

## പ്രത്യേക സംഗമം 30ന്

കൊച്ചി● മേളയുടെ ഭാഗമായി സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക സംഗമം 30നു രാവിലെ 10 നു നടക്കും. ഫുഡ് ടെക്നോളജി, ഭക്ഷ്യ സംസ്കരണം, മൂല്യവർധിത ഉൽപാദനം, പാക്കിങ്, വിപണനം തുടങ്ങി മേഖലകളിൽ നവസംരംഭകർക്കു കരുത്തു പകരുന്ന ആശയങ്ങളും വിവിധ ഗവേഷണ സ്ഥാപനങ്ങൾ നൽകുന്ന സൗകര്യങ്ങളും സംഗമത്തിൽ പരിചയപ്പെടാം. തഞ്ചാവൂരിലെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, ഒൺട്രപ്രണർഷിപ് ആൻഡ് മാനേജ്മെന്റ്, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസസ് ആൻഡ് ടെക്നോളജി, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിനു കീഴിലെ സ്ഥാപനങ്ങളായ കോഴിക്കോട് സുഗന്ധവിള ഗവേഷണ സ്ഥാപനം, കൊച്ചിയിലെ സിഫ്റ്റ്, തിരുവനന്തപുരത്തെ കേന്ദ്ര കിഴങ്ങ് വിള ഗവേഷണ സ്ഥാപനം, കാസർകോട് കേന്ദ്ര നാണ്യവിള ഗവേഷണ സ്ഥാപനം, ഹൈദരാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച് എന്നീ സ്ഥാപനങ്ങളുടെ സേവനങ്ങൾ ശാസ്ത്രജ്ഞർ വിശദീകരിക്കും. റജിസ്ട്രേഷനു വാട്സാപ്പ്- 9446120244.

## മേളയിൽ ഇന്ന്

കർണാടകയിലെ മില്ലറ്റ് പാചക വിദഗ്ധർ അവതരിപ്പിക്കുന്ന ചെറുധാന്യങ്ങളുടെ കുക്കറി ഷോ. രാവിലെ 10 മുതൽ 12.30 വരെ

പോഷണ-ആരോഗ്യ ചർച്ചകൾ- ഉച്ചയ്ക്കു 3 മുതൽ 5 വരെ